ഇതനുസരിച്ച് കർഷകർക്ക് ലഭിക്കേണ്ട തുക അതാതു ജില്ലയിലെ പാഡി പെയ്മെന്റ് ഓഫീസർ പാസാക്കി നൽകുന്ന മുറയ്ക്ക്, കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, തൃശ്ശൂർ, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നിവ മുഖേന കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുകയും അതിന്റെ പലിശ സപ്ലൈകോ വഹിക്കുന്നതുമാണ്. മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുന്നത് സപ്ലൈകോയുടെ അനുവദനീയമായ ലോൺ പരിധിയിൽ നിന്നുകൊണ്ടാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

**ഏകീകൃത അക്കാഡമിക് കലണ്ടർ**

**18 (*258)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകൾക്ക് ഏകീകൃത അക്കാഡമിക് കലണ്ടർ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മൂലം കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ കൃത്യസമയത്ത് നടത്തി വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും ജോലി ലഭിക്കുന്നതിനുമുള്ള പ്രയാസങ്ങൾ ഒഴിവാക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 2015-16 അദ്ധ്യയവർഷംമുതൽ ഏകീകൃത അക്കാദമിക് കലണ്ടർ സംവിധാനം നടപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലവനായി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, കേരള മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ കൊച്ചി ശാസ്ത്ര സാങ്കേതിക, സംസ്കൃത സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, പരീക്ഷ കൺട്രോളർമാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളാണ്.

## ഭൂമിയുടെ ന്യായവില

**19 (*259)** ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) നിശ്ചയിക്കപ്പെട്ട ന്യായവില അപര്യാപ്തമാണെങ്കിൽ അപ്പീൽ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് ;

(സി) അപ്പീൽ നൽകുന്നതിനുള്ള സമയപരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) 6-3-2010-ൽ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 1-4-2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 14-11-2014-ലെ ജി.ഒ (പി)നം.188/14/റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം 50 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly